# നദീവന്ദനം

നദികൾ സമൂഹത്തിൻെറ ജീവ നാഡികളാണ്.സാമൂഹികവികാസവും സാമ്പത്തികാഭിവൃദ്ധിയുമുൾപ്പെടെ നമ്മുടെ പാരമ്പര്യത്തിൻെറ സാക്ഷാത്ക്കാരവും നദികളിലൂടെയാണ് സാധ്യമായത്. എന്നാൽ ഉപഭോഗ പ്രദാനമായ വ്യവസായികവിപ്ലവം നമ്മുടെ നദികളെ ശോഷിപ്പിക്കുകയും മാലിന്യവാഹികളാക്കി തീർക്കുകയും ചെയ്തു. നദികളുടെ ശോഷണം ഫലപ്രദമായി തടയുന്നതിന് വർദ്ധിച്ച ജനപങ്കാളിത്തത്തോടെയുള്ള കർമ്മപരിപാടികൾ ആവിഷ്ക്കരിക്കാൻ സ്വദേശി ശാസ്ത്രപ്രസ്ഥാനം തീരുമാനിച്ചിരിക്കുന്നു. പ്രകൃത്യാനുകൂലവും ചിരസ്ഥായിയുമായ നദീസംരക്ഷണപരിപാലനപദ്ധതികളുടെ രൂപീകരണവും സാക്ഷാത്ക്കാരവുമാണ് നദീവന്ദനത്തിൻെറ ആത്യന്തികലക്ഷ്യം. സമൂഹത്തിൻെറ വിവിധ തുറകളിൽ നിന്നുള്ള പ്രതിജ്ഞാബദ്ധരായ ഒരു കൂട്ടം ആളുകളുടെ കൂട്ടായ പരിശ്രമമാണ് ഈ കർമ്മപരിപാടികളുടെ അടിസ്ഥാനമാർഗ്ഗം.

ദേശീയതലത്തിൽ നദീസംരക്ഷണപരിപാലനപ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുക, നദീസംരക്ഷണത്തിന് ഒരു കേരളമാതൃക സൃഷ്ടിക്കുക, ശില്പശാലകൾ, മത്സരങ്ങൾ, മുതലായവയിലൂടെ നദീസംരക്ഷണത്തിൻെറ സന്ദേശം ജനങ്ങളിലെത്തിക്കുക, ജലവിഭവ പരിപാലനസംബന്ധമായ ഗവേഷണഫലങ്ങളും സാങ്കേതികവിദ്യകളും സംബന്ധിച്ച് സമഗ്രമായ പഠനങ്ങളും വിഭവശേഖരണവും നടത്തുക, നദീസംരക്ഷണത്തിന് പ്രകൃത്യാനുകൂലവും സാംസ്കാരികപാരമ്പര്യത്തിലൂന്നിയതുമായ ഒരു മാതൃകാ പെരുമാറ്റച്ചട്ടം രൂപീകരിക്കുക. ജലവിഭവസ്രോതസ്സുകൾ, വികസനപദ്ധതികൾ, നാട്ടാചാരങ്ങൾ, സാംസ്കാരികപാരമ്പര്യം, വ്യവസായസംരംഭങ്ങൾ, തീർത്ഥാടനം, പരിസ്ഥിതി മുതലായ നദീപരിപാലനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച വിവരശേഖരണവും അവയുടെ ക്രോഡീകരണവും നടത്തുക. ഇതൊക്കെയാണ് നദീവന്ദനത്തിൻെറ പ്രായോഗികലക്ഷ്യങ്ങൾ.

നമ്മുടെ പ്രധാനനദികളെ ബന്ധപ്പെടുത്തി സംസ്ഥാനവ്യാപകമായി ഒരു പ്രബോധനയാത്ര സംഘടിപ്പിച്ചുകൊണ്ട് ബൃഹത്തായ നദീസംരക്ഷണപരിപാലനയജ്ഞത്തിൽ നദീവന്ദനം തുടക്കംകുറിക്കുന്നു.

2001 ജനുവരി 24ാം തീയതി തിരുവനന്തപുരത്തുനിന്നാരംഭിക്കുന്ന പ്രബോധനയാത്ര (നെയ്യാർ-കരമനയാറുകൾ), പുനലൂർ (കല്ലടയാർ), പന്തളം (അച്ചൻകോവിലാർ), ആറന്മുള (പമ്പാനദി), പാല (മീനച്ചിലാറ്), മൂവ്വാറ്റുപുഴ (മൂവ്വാറ്റുപുഴ), ആലുവ (പെരിയാർ), ചാലക്കുടി (ചാലക്കുടപ്പുഴ), പട്ടാമ്പി (ഭാരതപ്പുഴ), മാവൂർ (ചാലിയാർ), കല്ലായി (കല്ലായിപ്പുഴ), മയ്യഴി (മയ്യഴിപ്പുഴ), കൊട്ടിയൂർ (ബാവേലിപ്പുഴ), നീലേശ്വരം (നീലേശ്വരംനദി), കാസർഗോഡ് എന്നീ 15 നദികളെ കേന്ദ്രീകരിച്ചാണ് നീങ്ങുക. ഈ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 11ാം തീയതി നടക്കും.